# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ: * 128**

**08.06.2018 - ൽ**
**മറുപടിയ്ക്ക്**

## നീര അന്താരാഷ്ട്ര വിപണിയിൽ എത്തിക്കാൻ നടപടി

**ചോദ്യം**
**ശ്രീ.പി.ഉബൈദുള്ള**
**ശ്രീ.മഞ്ഞളാംകുഴി അലി**
**ശ്രീ.എൻ .എ.നെല്ലിക്കുന്ന്**
**ശ്രീ.ടി.എ.അഹമ്മദ് കബീർ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നീര ഒറ്റ ബ്രാൻഡിൽ വിപണിയിൽ എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | ബി) നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി അതിന്റെ സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നതിന് നീര ഉല്പാദന കമ്പനി പ്രതിനിധികളുടേയും കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേരള സ്റ്റേറ്റ് നാളീകേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ്-കൺസോർഷ്യം (SFAC), KERAFED, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി 15.05.2018-ന് യോഗം കൂടുകയും സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനുള്ള പൊതുവായ ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനുമായി 2 കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ ഏകീകൃത ഗുണനിലവാരം നിശ്ചയിക്കുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ധസമിതി സമർപ്പിച്ച Standardisation Report കൃഷി മന്ത്രി ചെയർമാനായ സമിതി അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരം കൂടി ലഭിച്ചാൽ വിജ്ഞാപനമായി പുറത്തിറക്കുന്നതാണ്. |
| സി) നീരയുടെ ഉൽപാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | സി) നീരയുടെ ഉല്പാദനവും, വിപണനവും വർദ്ധിപ്പിക്കുന്നതിന് നീര ഉല്പാദന യൂണിറ്റുകൾ അനുവദിക്കുന്നതിന് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ചെലവായ തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ നാളികേരവികസന ബോർഡിന്റെ ശുപാർശയോടുകൂടി നൽകുന്നു. നീര ടെക്നീഷ്യന്മാരുടെ കുറവ് പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് നാളികേര വികസന കോർപ്പറേഷൻ മുഖാന്തിരം പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**